പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3754 — 20/07/2015 ൽ മറുപടിക്ക്

## പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നതിനുള്ള അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.: എം. ഹംസ: | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കുളുകൾക്കാണ് അംഗീകാരം നൽകിയത്; സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സർക്കാർ സ്കൂളുകളിൽ ആവശ്യമായ സ്ഥലം ലഭ്യമായ പക്ഷം ചിലവ് പി.റ്റി.എ വഹിക്കാമെന്ന വ്യവസ്ഥയിൽ പി.റ്റി.എ യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കുന്നതിന് 1988-ൽ അനുവാദം നൽകുകയുണ്ടായി. ഇപ്രകാരം 07/12/2012 വരെ ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന പ്രീപ്രൈമറികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ പി.റ്റി.എയുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ അനുവാദം നൽകിയിട്ടില്ല ആയതിനാൽ എയ്ഡഡ് മേഖലയിൽ പ്രീപ്രൈമറിക്ക് അംഗീകാരം നൽകിയിട്ടുമില്ല. |
| (ബി) | ഒറ്റപ്പാലത്തെ പഴയ ലക്കിടി ജി.എസ്.ബി.എസ് സ്കൂൾ പ്രീപ്രൈമറി ക്ലാസ് തുടങ്ങുന്നതിനായി അനുവാദം ആവശ്യപ്പെട്ടിരുന്നുവോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഒറ്റപ്പാലത്തെ പഴയ ലക്കിടി ജി.എസ്.ബി.എസ് സ്കൂളിൽ പ്രീപ്രൈമറി ക്ലാസുകൾ തുടങ്ങുന്നതിനുള്ള അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 30/03/15 ന് ലഭിക്കുകയും, 07/12/2012 ന് ശേഷം പുതിയ പ്രീപ്രൈമറികൾ ആരംഭിക്കാൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കുന്നതിനാൽ, പുതിയ പ്രീപ്രൈമറിക്ക് അനുവാദം നൽകാൻ |

കഴിയാത്തതിനാൽ, അപേക്ഷ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മടക്കി നൽകുകയുമുണ്ടായി

Sheela P

സെക്ഷൻ ഓഫീസർ